# വചനം നയിക്കട്ടെ

നോമ്പും തിരുവചനവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. നമ്മുടെ കർത്താവ് നോമ്പ് നോറ്റു കഴുയുമ്പോഴുള്ള പിശാചിന്റെ ആദ്യത്തെ പരീക്ഷയിൽ തമ്പുരാൻ കൊടുക്കുന്ന മറുപടി ശ്രദ്ധേയമാണ്. മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല ദൈവത്തിന്റെ വായിൽ കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു എന്നെഴുതിയിരിക്കുന്നു (മത്തായി 4:4). വചനം ജീവനാണെന്ന് യോഹന്നാൻ സാക്ഷിക്കുന്നു (യോഹ 1:4). ദാവീദ് രാജാവ് പറയുന്നു, നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമെ (സങ്കീ 119:107). വചനം ജീവൻ നൽകുന്നതാണെന്ന് ഉല്പത്തിയുടെ വിവരണത്തിൽ നാം കാണുന്നു. അവൻ കല്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു (സങ്കീ 148:5). സൃഷ്ടിശക്തിയുള്ള അവന്റെ വചനം നമ്മെ ജീവനുള്ളതാക്കി തീർക്കട്ടെ.

വചനത്തിന്റെ മറ്റൊരു പ്രത്യേകത, അത് അധമന്മാരെ ചൈതന്യമുള്ളവരാക്കിത്തീർക്കുന്നു എന്നതാണ്. കേൾവിക്കാരുടെ ഹൃദയങ്ങളിലേയ്ക്ക് ഇരുമുനയുള്ള വാളുപോലെ ഇറങ്ങിച്ചെന്ന് അതിനെ കീറിമുറിക്കുന്നു. ചില മുറിവുകൾ നശിപ്പിക്കുന്നു, ചില മുറിവുകൾ ജീവിപ്പിക്കുന്നു. കർത്താവിന്റെ മുറിവിലൂടെ ഒഴുകിയ രക്തവും വെള്ളവും മനുഷ്യനു ജീവനും ചൈതന്യവും നൽകുന്ന തിരു ശരീര-രക്തങ്ങളാണ്. (യോഹ 19:34). മുന്തിരിവള്ളി ചെത്തിവെടിപ്പാക്കുമ്പോൾ കൂടുതൽ ഫലം നൽകുകിൽ പര്യാപ്തമാകുന്നു (യോഹ 15:2). ഭൂമി കിളച്ച് മറിക്കുമ്പോൾ വേരുകൾ പൊട്ടുമെങ്കിലും കായ്ക്കാത്ത വൃക്ഷങ്ങൾ ഫലം നൽകുന്നു ( ലൂക്കോസ് 13:8). ഉഴവുചാലുകൾ ഭൂമിയെ കീറിമുറിക്കുമ്പോൾ ഫലം പുറപ്പെടുവിക്കുന്നു. കല്ലുപോലുള്ള ഹൃദയത്തെ ദൈവവചനം മാംസളമാക്കുന്നു(യെസക്കി 11:19). നോമ്പിൽ തിരുവചനം ധ്യാനിക്കാം. അതു നമ്മുടെ അധമപ്രവൃത്തികളെ കാണുവാൻ തക്കവണ്ണം നമ്മുടെ ഹൃദയങ്ങളിൽ വെളിച്ചം വിതറട്ടെ. അന്ധരായ നമുക്ക് കാഴ്ച്ച ഉണ്ടാകട്ടെ

വചനം പൈദാഹമകറ്റുന്നതാണ്. കർത്താവിന്റെ വചനങ്ങൾ വിശപ്പകറ്റുന്നതാണെന്ന് നാം വായിച്ചു, അത് കൂടുതൽ മനസ്സിലാകണമെങ്കിൽ കർത്താവിനോടുകൂടെ സഞ്ചരിച്ചാൽ മതിയാകും. കർത്താവിനോടുകൂടെ ഉണ്ടായിരുന്ന ജനങ്ങൾ രാപ്പകലുകൾ മാറിമറിഞ്ഞത് അറിഞ്ഞില്ല, ശീതവും ഉഷ്ണവും അറിഞ്ഞില്ല, വിശപ്പും ദാഹവും അറിഞ്ഞില്ല. അലൗകികമായ ഒരു ലോകത്തായിരുന്നു. മൂന്നു ദിവസം കർത്താവിനോടുകൂടെ ഇരിക്കുകയാണ്. അവരെ പറഞ്ഞുവിടുമ്പോൾ തമ്പുരാനറിയാം ലോകവും പിശാചും അവരെ പിടിക്കും. അവർ വഴിയിൽവച്ച് തളർന്ന് പോകും. അയതുകൊണ്ട് അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ. വാഴ്ത്തിയ അപ്പം ഭക്ഷിച്ചപ്പോൾ അവർ ശക്തരായി തിരികെ ഭവനങ്ങളിലേയ്ക്ക് പോയി. ഒന്നുകിൽ ദൈവവചനം നമുക്ക് വേണം, അതില്ലാത്തപ്പോൾ വാഴ്ത്തിയ അപ്പം നമുക്ക് വേണം. നോമ്പിന്റെ അനുഭവം ഇതുരണ്ടിന്റേതുമായിരിക്കട്ടെ. ഈ വചനം നമ്മിൽ ശത്രുവിനെ ജയിക്കുവാൻ ശക്തിതരട്ടെ. ലോകത്തോടുള്ള നമ്മുടെ ചേർച്ച ഇല്ലാതാക്കട്ടെ. നമ്മുടെ വാസം തമ്പുരാന്റെ കൂടെയായിരിക്കട്ടെ. ഈ നോമ്പ് ലോകത്തോടുള്ള നമ്മുടെ ആർത്തിമാറ്റികളയട്ടെ.

വചനം നമ്മുടെ കാര്യങ്ങൾക്കെല്ലാം ഫലസമൃദ്ധിതരുമെന്ന് തിരുവചനത്തിലൂടെ തമ്പുരാൻ നമ്മെ പഠിപ്പിക്കുന്നു. തന്റെ ദാസനായ യൊശുവായോട് യഹോവയാം ദൈവം കല്പിക്കുന്നു. ചെല്ലുന്നടത്തൊക്കെയും നീ ശുഭമായിരിക്കേണ്ടതിന് അത് വിട്ട് ഇടത്തോട്ടൊ വലത്തോട്ടൊ മാറരുത്. ഈ ന്യായപ്രമാണപുസ്തകത്തിലുള്ളത് നിന്റെ വായിൽനിന്ന് നീങ്ങി പോകരുത്. അതിൽ എഴുതിയിരിക്കുന്നതുപോലൊക്കയും പ്രമാണിച്ചു നടക്കേണ്ടതിന് നീ രാവും പകലും അത് ധ്യാനിച്ചുകൊണ്ടിരിക്കണം. എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും. നീ കൃതാർത്ഥനായിരിക്കും (യോശുവ 1:7-8).

തിരുവചനത്തിൽ ആശ്രയിച്ചുകൊണ്ട് നമുക്ക് പ്രാർത്ഥിക്കാം. ദൈവമേ നീ ഞങ്ങളുടെ ഭൗതിക വിശപ്പിനെ അകറ്റി ആത്മികമായ ദാഹം നൽകണമെ. ഇരുണ്ടവരായ ഞങ്ങളെ പ്രകാശിപ്പിക്കണമെ. ഈ ലോകത്തിൽ നേരിടാവുന്ന പരീക്ഷകളിൽ ഞങ്ങൾക്ക് കാവൽക്കാരനായിരിക്കണമെ.